മരാമത്ത് വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് പരിശീലനം

214 (811) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരാമത്ത് വകുപ്പിലെ എഞ്ചീനറിംഗ് വിഭാഗത്തിന് എസ്റ്റിമേറ്റ്, പ്ലാൻ, ഡിസൈനിംഗ് എന്നീ വിഷയങ്ങളിൽ കൂടുതൽ പരിശീലനം നൽകുന്നതിനെ സംബന്ധിച്ച് തീരുമാനം എടുക്കുമോ ;

(ബി) സംസ്ഥാനത്തെ പി. ഡബ്ലൂ. ഡി. ചുമതലയിൽ നടക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വെട്ടിപ്പുകൾ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(സി) പൊതുമരാമത്ത് പണികളുടെ സുതാര്യത ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിക്കാൻ കഴിയും എന്നത് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളായി തിരിച്ച് വിവിധ വിഷയങ്ങളിൽ വിശദമായ പരിശീലനം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിൽ മരാമത്ത് പണികളുടെ ഗുണനിലവാരം വിവിധ തലത്തിലുള്ള എഞ്ചിനീയർമാർ പരിശോധിക്കുന്നുണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിൽ പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധിക്കുന്നതി നായി വിവിധ യൂണിറ്റുകളിലായി ആറ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കീഴിൽ രണ്ട് ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ (കെ.എസ്.ടി.പി.) കീഴിലുള്ള റോഡുപണികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തു ന്നതിനും പരിശോധിക്കുന്നതിനും പ്രത്യേകം സജ്ജീകരിച്ച ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്. കെട്ടിട വിഭാഗത്തിലെ വകുപ്പുതല ഉദ്യോഗസ്ഥർ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. കൂടാതെ ധനവകുപ്പിന്റെ കീഴിലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനർ മിന്നൽ പരിശോധനകളും സാങ്കേതിക പരിശോധനകളും നടത്തി മിക്ക പൊതുമരാമത്ത് പ്രവൃത്തികളുടെയും ഗുണനിലവാരം ഉറപ്പ് വരുത്താറുണ്ട്. കൂടാതെ വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോയും (വി.എ.സി.ബി) പൊതുമരാമത്ത് പ്രവൃത്തികൾ പരിശോധിച്ച് ആവശ്യമായ കേസുകളിൽ നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യാറുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽ 'ഇ' ടെൻഡറിംഗ് സംവിധാനം നപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ സംവിധാനം നടപ്പിൽ വരുന്നതോടുകൂടി പൊതുമരാമത്ത് പണികളിൽ കൂടുതൽ സുതാര്യത കൈവരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly